## പത്രക്കുറിപ്പ്

## സിറ്റി സാനിട്ടേഷൻ പ്ലാൻ - അന്തിമരേഖ പ്രകാശനം ചെയ്തു

നഗരപ്രദേശങ്ങളിൽ ശുചിത്വവുമായി ബന്ധപ്പെട്ട മേഖലകളുടെ വികസനം സാധ്യമാക്കുന്നതിന് വ്യക്തമായ കാഴ്ചപ്പാടോടുകൂടി സമഗ്രമായ പദ്ധതികളുടെ ആസൂത്രണവും അവയുടെ ഫലപ്രദമായ നിർവ്വഹണത്തിനും വേണ്ട തന്ത്രങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കുന്ന സിറ്റി സാനിട്ടേഷൻ പ്ലാനിന്റെ അന്തിമ രേഖ പുറത്തിറക്കി. ശുചിത്വമിഷന്റെയും ജർമ്മൻ ഇന്റർനാഷണൽ കോ-ഓപ്പറേഷന്റേയും ആഭിമുഖ്യത്തിൽ 17.01.2017 ൽ തിരുവനന്തപുരത്തുള്ള ഹോട്ടൽ ഹിൽട്ടൺ, ഗാർഡനിൽ വച്ചു നടന്ന ശില്പശാല ജർമ്മൻ ഫെഡറൽ റിപ്പബ്ലിക് കോൺസൽ ജനറൽ മിസ്. മാർഗിറ്റ് ഹെൽവിംഗ് ബോട്ടേ ഉത്ഘാടനം ചെയ്തു. കൊച്ചി മുൻസിപ്പൽ കോർപ്പറേഷനെ സ്മാർട്ട് സിറ്റിയുടെ ഭാഗമായി ജർമ്മൻ ഫെഡറൽ റിപ്പബ്ലിക് സഹായിക്കുമെന്ന് അവർ പറഞ്ഞു. ശുചിത്വമിഷന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ.കെ.വാസുകി ഐ.എ.എസ് മുഖ്യപ്രഭാഷണം നടത്തി. പങ്കാളിത്ത ആസൂത്രണ പ്രക്രിയയിലൂടെ ആയിരിക്കണം ശുചിത്വവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ കണ്ടെത്തേണ്ടതും, പരിഹാര മാർഗ്ഗങ്ങൾ കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതും. ഇതിനായി നഗരസഭാ പ്രദേശത്തെ മാലിന്യപരിപാലനവുമായി ബന്ധപ്പെട്ട മുഴുവൻ വ്യക്തികളുടേയും സ്ഥാപനങ്ങളുടേയും പങ്കാളിത്തവും സഹകരണവും ഉറപ്പുവരുത്തേണ്ടത് ആവശ്യമാണെന്ന് ഡോ.കെ. വാസുകി ഐ.എ.എസ് പറഞ്ഞു. ഇത് സംബന്ധിച്ച് നാഷണൽ അർബൻ സാനിട്ടേഷൻ പോളിസി പ്രോജക്ട് ഡയറക്ടർ മി.ഡർക്ക് വാൽത്തർ, ടെക്നിക്കൽ അഡ്വൈസർ മിസ്. സാറാ ഹേബർസാക്, ശുചിത്വമിഷൻ ഡയറക്ടർ (ഓപ്പറേഷൻസ്) മി. സി.വി. ജോയ്, കുടിവെള്ള വിഭാഗം ഡയറക്ടർ മി. എൽ.പി.ചിത്തർ എന്നിവർ വിവിധ വിഷയങ്ങൾ അവതരിപ്പിച്ചു. നാഷണൽ അർബൻ സാനിട്ടേഷൻ പോളിസി 2008 അനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ട 14 നഗരസഭകളിൽ ജർമ്മൻ ഇന്റർ നാഷണൽ കോ-ഓപ്പറേഷന്റെ (GIZ) സഹായത്തോടെയാണ് സിറ്റി സാനിട്ടേഷൻ പ്ലാൻ തയ്യാറാക്കിയത്. പ്രസ്തുത ചടങ്ങിൽ ഈ 14 നഗരസഭകളേയും ആദരിക്കുകയുണ്ടായി.

കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട 27 നഗരസഭകളിലെ ചെയർമാൻമാർ, സെക്രട്ടറിമാർ, ഹെൽത്ത് ഇൻസ്പെക്ടർമാർ, എൻജിനീയർമാർ, ശുചിത്വ മിഷൻ പ്രതിനിധികൾ തുടങ്ങിയവർ ശില്പശാലയിൽ പങ്കെടുത്തു.

**ഫോട്ടോ കാപ്ഷൻ**

നഗരസഭകളുടെ സിറ്റി സാനിട്ടേഷൻ പ്ലാൻ സംബന്ധിച്ച അന്തിമരേഖ ജർമ്മൻ ഫെഡറൽ റിപ്പബ്ലിക് കോൺസൽ ജനറൽ മിസ്. മാർഗിറ്റ് ഹെൽവിംഗ് ബോട്ടേ പ്രകാശനം ചെയ്തു.